Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. KITE/2026/1562 (104)

തീയതി : 24.11.2026

സർക്കുലർ

വിഷയം:- കൈറ്റ് - ലിറ്റിൽ കൈറ്റ്സ് 2024-2027 ബാച്ചിലെ അംഗങ്ങൾക്ക് ഗ്രൂപ്പ് അസൈൻമെന്റ് നൽകുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 1. സർക്കാർ ഉത്തരവ് (സാധാ)നം. 361/2018 പൊ.വി.വ. തീയതി 20.01.2018.

2. ഈ ഓഫീസിലെ 26.05.2024-ലെ കൈറ്റ്/2025/1562 (54) നമ്പർ സർക്കുലർ

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളിലെ അംഗങ്ങൾ യൂണിറ്റ് പ്രവർത്തനങ്ങളുടെ ഭാഗമായി വ്യക്തിഗത, ഗ്രൂപ്പ് അസൈൻമെന്റുകൾ തയ്യാറാക്കി നൽകണമെന്ന് ലിറ്റിൽ കൈറ്റ്സ് പ്രവർത്തന ങ്ങളുടെ മാർഗനിർദ്ദേശത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. എല്ലാ അംഗങ്ങളും അവർക്ക് താല്പര്യമുള്ള മേഖലകളിൽ ഒരു ഗ്രൂപ്പ് അസൈൻമെന്റ് അനുബന്ധമായി ചേർത്തിരിക്കുന്ന മാർഗ നിർദേശങ്ങൾക്കനുസരണം തയ്യാറാക്കി നൽകേണ്ടതാണ്. 2024-27 ബാച്ചിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ഗ്രൂപ്പ് അസൈൻമെന്റ് ലഭ്യമാക്കുന്നത് സംബന്ധിച്ച താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. നവംബർ-ഡിസംബർ മാസങ്ങളിലായി മാർഗനിർദേശങ്ങളിൽ സൂചിപ്പിക്കുന്ന രീതിയിൽ അംഗങ്ങൾ ഒരു സംഘപ്രവർത്തനത്തിൽ പങ്കാളിയാകേണ്ടതും റിപ്പോർട്ട് 2027 ജനുവരി 5-നകം തയ്യാറാക്കി നൽകേണ്ടതുമാണ്.
2. അസൈൻമെന്റ് പൂർത്തിയാക്കുന്നതിന് കൈറ്റ്മെന്റർമാർ ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കേണ്ടതാണ്.
3. എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും അസൈൻമെന്റ് തയ്യാറാക്കുന്നത് സംബന്ധിച്ച നിർദേശം നൽകേണ്ടതാണ്. (നിർദേശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്).

സ്കൂൾ മേലധികാരിയുടെ അനുവാദത്തോടെ കമ്പ്യൂട്ടർ ലാബ് അസൈൻമെന്റ് പൂർത്തീകരണത്തിനായി ഉപയോഗിക്കാവുന്നതാണ്.

അസൈൻമെന്റിന്റേയും ഗ്രൂപ്പ് പ്രവർത്തനങ്ങളുടേയും മൂല്യനിർണയം സംബന്ധിച്ച വിശദാംശം കൈറ്റ് ലഭ്യമാക്കുന്നതാണ്.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ ജില്ലാ കോർഡിനേറ്റർ/മാസ്റ്റർട്രെയിനർ കോർഡിനേറ്റർ/മാസ്റ്റർട്രെയിനർമാർക്കും

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അനുവദിച്ച സ്കൂളിലെ പ്രഥമാധ്യാപകർക്കും (കൈറ്റ് ജില്ലാകോർഡിനേറ്റർ മുഖേന)

അക്കാഡമിക് വിഭാഗം/അക്കൗണ്ട്സ് വിഭാഗം, കൈറ്റ്സ്

സ്റ്റോക്ക് ഫയൽ

അനുബന്ധം

ലിറ്റിൽകൈറ്റ്സ് ഗ്രൂപ്പ് അസൈൻമെന്റ് തയ്യാറാക്കൽ – നിർദ്ദേശങ്ങൾ

സാമൂഹ്യസേവനവുമായി ബന്ധപ്പെട്ട ഏതെങ്കിലും ഒരു പ്രവർത്തനം ഗ്രൂപ്പ് പ്രവർത്തനത്തിലൂടെ പൂർത്തിയാക്കണം. ഒരു ഗ്രൂപ്പിൽ പരമാവധി 10 പേരാണ് ഉണ്ടായിരിക്കേണ്ടത്. ഓരോ ഗ്രൂപ്പും വ്യത്യസ്ത വിഷയങ്ങളിലാണ് ഗ്രൂപ്പ് പ്രവർത്തനം ചെയ്യേണ്ടത്. പ്രവർത്തനം പൂർത്തിയാക്കി ഓരോ ഗ്രൂപ്പും ചുവടെ നൽകിയ ഉല്പന്നങ്ങളാണ് സമർപ്പിക്കേണ്ടത്.

- **ഡോക്യുമെന്റേഷൻ (പ്രോജക്ട് റിപ്പോർട്ട്)** – എഴുതിത്തയാറാക്കിയതോ ടൈപ്പ് ചെയ്ത് പ്രിന്റ് ചെയ്തതോ ആയ പ്രവർത്തനത്തിന്റെ ഓരോ ഘട്ടവും വിശദമാക്കുന്ന പ്രോജക്ട് റിപ്പോർട്ട്.
- **തയാറാക്കുന്ന ഉല്പന്നം** (സോഫ്റ്റ്വെയർ ഉപയോഗിച്ചുള്ള പ്രവർത്തന മാണെങ്കിൽ പ്രോജക്ട് ഫയലുകളും എക്സ്പോർട്ടഡ് ഫയലും, ഡോക്യുമെന്ററിയുടെ ഷൂട്ട് ചെയ്ത raw ഫയലുകൾ മുതലായവ)
- **പ്രവർത്തന ഡയറി** – പ്രവർത്തന പൂർത്തീകരണവുമായി ബന്ധപ്പെട്ടുള്ള ദിനക്കുറിപ്പുകൾ.

ഗ്രൂപ്പ് പ്രവർത്തനത്തിനായി നിർദേശിക്കുന്ന ചില പ്രവർത്തനങ്ങൾ

- സിനിമാ ഡോക്യുമെന്ററി നിർമ്മാണം
  - ചുവടെ നൽകിയ പ്രമേയം അടിസ്ഥാനമാക്കി 10 മിനിട്ടിൽ കവിയാത്ത സിനിമ/ഡോക്യുമെന്ററി
    - ഗ്രാമ പുരാവൃത്തങ്ങൾ
    - ജീവിതശൈലീ രോഗങ്ങളും പ്രതിരോധവും
    - നാടൻ കലകളുടെ ആവിഷ്ക്കാരം
    - അഭിവന്ദ്യ ഗുരുക്കന്മാർ/കലാകാരന്മാർ
    - ലഹരി ആപത്ത്
    - പുതിയ ആശയങ്ങൾ അടിസ്ഥാനമാക്കിയ സാമൂഹ്യപ്രസക്തിയുള്ള വിഷയങ്ങൾ
    - കാർഷിക–വ്യവസായിക മേഖലകളിലുള്ള പ്രാദേശിക സംരംഭങ്ങൾ
- രക്ഷാകർത്താക്കൾക്കുള്ള കമ്പ്യൂട്ടർ സാക്ഷരത.
- ഹയർ സെക്കണ്ടറി ഏകജാലകം ഓൺലൈൻ ആപ്ലിക്കേഷൻ സമർപ്പിക്കുന്നതിനുള്ള സ്കൂൾതല ഹെൽപ്പ് ഡെസ്ക് –കിയോസ്കുകളുടെ നടത്തിപ്പ്.
- ഓൺലൈൻ സേവനങ്ങളിൽ പൊതുജനങ്ങളെ സഹായിക്കുക/ഇതിനായി യൂണിറ്റ് തലത്തിൽ കിയോസ്കുകൾ ആരംഭിക്കുക.
- ഭിന്നശേഷിക്കാരായ കുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുക.
- ക്ലബ്ബുകളുടെയും മറ്റും സഹായത്തോടെ സ്വതന്ത്ര സോഫ്റ്റ്വെയർ പ്രചാരണ പരിപാടികൾ.
- പൊതുജനങ്ങൾക്കായുള്ള സ്വതന്ത്രസോഫ്റ്റ്വെയർ ഇൻസ്റ്റലേഷൻ ഫെസ്റ്റ്.
- വിക്ടേഴ്സ് ചാനലിലേക്കായി വാർത്തകൾ/വിദ്യാഭ്യാസ പരിപാടികൾ തയാറാക്കൽ.
- സൈബർ സുരക്ഷാ പരിശോധനയും ബോധവൽക്കരണവും
- ദുരന്തനിവാരണ പ്രവർത്തനങ്ങളിലെ സാങ്കേതിക സഹായം
- കുട്ടികളുടെ 'ഹെൽത്ത് പ്രൊഫൈൽ' ഡാറ്റാബേസ് നിർമ്മാണം